കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - ധർമ്മടം നിയോജകമണ്ഡലം പിണറായിയിലെ ഓഡിറ്റോറിയം രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി - ഭരണാനുമതി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1359/18/തസ്വഭവ തിരുവനന്തപുരം, തീയതി, 16.05.2018

---

വായന:- 1) 11/06/2012 ലെ സ.ഉ.(അച്ചടി)നം. 332/12/ധന.

2) 24/10/2017 ലെ സ.ഉ.(സാധാ) നം.3386/2017/തസ്വഭവ

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ ശ്രീ. കെ കെ. നാരായണന്റെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പിണറായിയിലെ ഓഡിറ്റോറിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് വായന(2) ലെ സർക്കാർ ഉത്തരവിലൂടെ ആകെ അടങ്കൽ തുകയായ 265 ലക്ഷം (ഇരുന്നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. എന്നാൽ ഒന്നാം ഘട്ട പ്രവൃത്തി നിർവ്വഹിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് തന്നെ രണ്ടാംഘട്ട പ്രവൃത്തിയും നല്കി ഉത്തരവാകണമെന്ന് സർക്കാരിന് നിർദ്ദേശം ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ ശ്രീ. കെ കെ. നാരായണന്റെ 2015 -16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പിണറായിയിലെ ഓഡിറ്റോറിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി, ഒന്നാം ഘട്ട പ്രവൃത്തി നിർവ്വഹിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നല്കണമെന്ന് നിർദ്ദേശിച്ച് വായന (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. പരാമർശ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്

ധനകാര്യ വകുപ്പ് (No.N.C.C-3/25/2017/FIN: . തീയതി: 03/04/2018.)

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/123/2017/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ